# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 960 — 10.02.2016-ലെ മറുപടിക്ക്

## ഗാന്ധി ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഗാന്ധി ഗ്രാമം പദ്ധതിക്കായി കോളനികൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനികളുടെ പിന്നോക്കാവസ്ഥ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ പരിഗണിച്ചാണ് ഗാന്ധി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് കോളനികളെ തെരഞ്ഞെടുത്തത്. |
| (ബി) | ഇതിനായി എത്ര തുക ബഡ്ജറ്റിൽ നീക്കിവച്ചിരുന്നെന്നും ഓരോ കോളനിക്കും ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ബി) | ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി മാത്രം ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിരുന്നില്ല. എന്നാൽ പദ്ധതിക്കായി പ്രത്യേകം ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും , ആയത് സർക്കാർ അംഗീകരിച്ച് സ.ഉ (കൈ) നമ്പർ. 70/2014/പജപവവിവ തീയതി 30.09.2014 പ്രകാരം 11,58,73,819/- രൂപ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഇവയാണ്.<br>1. കോളനിയിലേയ്ക്കുള്ള റോഡ് / നടപ്പാത നിർമ്മാണം<br>2. ഡ്രെയിനേജ് സൗകര്യങ്ങൾ<br>3. കുടിവെള്ള പദ്ധതികൾ<br>4. വൈദ്യുതീകരണം<br>5. ബയോഗ്യാസ് പ്ലാന്റ്<br>6. കമ്മ്യൂണിറ്റി ഹാൾ / ആഡിറ്റോറിയം<br>7. കോമ്പൗണ്ട് വാൾ നിർമ്മാണം<br>ഗാന്ധിഗ്രാമം പദ്ധതിയുടെ നിർവ്വഹണത്തിനായി വിവിധ സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ പ്രസ്തുത പ്രവർത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷം തന്നെ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ